**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 30.09.2024**

# "കൈക്കൂലി വാങ്ങിയ കെ.എസ്.ഇ.ബി ഓവർസിയറെ കഠിന തടവിന് ശിക്ഷിച്ചു."

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി കെ.എസ്.ഇ.ബി മേജർ സെക്ഷനിലെ ഓവർസിയറായിരുന്ന കെ.രാമചന്ദ്രനെ 250/- രൂപ കൈക്കൂലി വാങ്ങിയ കേസ്സിൽ കോഴിക്കോട് വിജിലൻസ് കോടതി ഇന്ന് (30/09/2024) 5 വർഷം കഠിന തടവിനും 50,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2010 ജനുവരി മാസം 19 തിയതി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിക്ക് സമീപം ചേലിയ എന്ന സ്ഥലത്ത് പരാതിക്കാരൻ പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി കണക്ഷനായി 250/- രൂപ കൈക്കൂലി ഓവർസിയറായ രാമചന്ദ്രൻ ചോദിച്ചുവാങ്ങവെ കോഴിക്കോട് വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. സുനിൽ ബാബു കോളോത്തുംകണ്ടി കൈയോടെ പിടികൂടിയ കേസ്സിലാണ് രാമചന്ദ്രനെ കുറ്റക്കാരനാണെന്ന് കണ്ടെത്തി കോഴിക്കോട് വിജിലൻസ് കോടതി ഇന്ന് (30/09/2024) ശിക്ഷിച്ചത്. വിവിധ വകുപ്പുകളിലായി രാമചന്ദ്രനെ 5 വർഷം കഠിന തടവിനും 50,000/- രൂപ പിഴ ഒടുക്കുന്നതിനുമാണ് ശിക്ഷിച്ചത്. കോഴിക്കാട് വിജിലൻസ് യൂണിറ്റ് മുൻ ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. സുനിൽ ബാബു കോളോത്തുംകണ്ടി രജിസ്റ്റർ ചെയ്ത കേസിൽ മുൻ ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. കെ. മോഹനദാസൻ, ശ്രീ. ഇ. സുനിൽ കുമാർ, ശ്രീ. സജേഷ് വാഴാളത്തിൽ എന്നിവർ അന്വേഷണം നടത്തിയിട്ടുള്ളതും മുൻ ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. എ.ജെ. ജോർജ്ജ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

പ്രോസിക്യൂഷനു വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. കെ. അരുൺ നാഥ് ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.